Circular No.3/Gen/2023

# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

ദേവലോകം, കോട്ടയം – 686 004
website: ossaebodhanam.org, ossae.org, e-mail: dgossae@gmail.com

# വിജ്ഞാപനം

## വേദപ്രവീൺ ഡിപ്ലോമ പ്രൈവറ്റ് പരീക്ഷ 2023

സൺഡേസ്കൂൾ അധ്യാപകർ, മുതിർന്നവർ, വേദപ്രവീൺ ഡിപ്ലോമ കോഴ്സിൽ റഗുലറായി ചേർന്നു പഠിക്കാൻ സാധിക്കാത്തവർ എന്നിവർക്കാണ് വേദപ്രവീൺ ഡിപ്ലോമ പ്രൈവറ്റ് പരീക്ഷ OSSAE നടത്തുന്നത്. 2023 മെയ് 21 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭദ്രാസന ഡയറക്ടർ ക്രമീകരിക്കുന്ന വിവിധ പരീക്ഷാ സെന്ററുകളിൽവച്ച് MCQ (Multiple Choice Question) മാതൃകയിൽ പരീക്ഷ നടത്തുന്നതാണ്.

## പരീക്ഷ എഴുതാനുള്ള യോഗ്യത

19 വയസ്സ് പൂർത്തീകരിക്കുകയും സൺഡേസ്കൂൾ പത്താം ക്ലാസ്സ് പരീക്ഷ പാസായിട്ട് രണ്ടു വർഷം കഴിയുകയും ചെയ്താൽ പരീക്ഷയ്ക്ക് Registration ചെയ്യാം. ഈ പരീക്ഷ എഴുതുവാൻ വിദ്യാർത്ഥികൾ പത്താം ക്ലാസ് പരീക്ഷ വിജയിച്ചിരിക്കണം. എന്നാൽ നാല്പതു വയസ്സിനുമേൽ പ്രായമുള്ളവരെയും അഞ്ചു വർഷം സൺഡേസ്കൂൾ അധ്യാപന പരിചയം ഉള്ളവരെയും 10-ാം ക്ലാസ് പരീക്ഷ വിജയിക്കണം എന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതതു ഭദ്രാസന മെത്രാപ്പോലിത്തായുടെ അനുവാദത്തോടെ മേൽപ്പറഞ്ഞ നിബന്ധനകൾക്ക് ഇളവ് ഡയറക്ടർ ജനറലിന് നൽകാം.

## റജിസ്ട്രേഷൻ

പരീക്ഷ എഴുതുവാൻ താല്പര്യമുള്ളവർക്ക് 2023 മാർച്ച് 11 മുതൽ 20 വരെ ഓൺലൈൻ രജിസ്ട്രഷൻ യൂണിറ്റ് ഹെഡ്മാസ്റ്ററുടെ മേൽനോട്ടത്തിൽ നടത്താം. പരീക്ഷാ ഫീസ് 100 രൂപയാണ്.

## പരീക്ഷ

11, 12 ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ പഠിക്കണം. 90 മാർക്കിന്റെ പരീക്ഷ 90 മിനിറ്റിൽ പൂർത്തീകരിക്കണം. 11, 12 ക്ലാസ്സുകളിൽ നിന്നും 45 ചോദ്യങ്ങൾ വീതം ചോദിക്കും. ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ നിന്നും ഒന്ന് തെരഞ്ഞെടുത്ത് പരീക്ഷ എഴുതാം. പ്രൊജക്ട് (7 മാർക്ക്) ഓറിയന്റേഷൻ റിപ്പോർട്ട് (3 മാർക്ക്) എന്നിവ ചേർത്ത് 10 മാർക്കുണ്ട്. ഹെഡ്മാസ്റ്ററുടെ മേൽനോട്ടത്തിൽ പാഠപുസ്തകത്തിൽ നൽകിയിരിക്കുന്ന രീതിയിൽ ചെയ്യുന്ന പ്രൊജക്റ്റ് റിപ്പോർട്ടും ഓറിയന്റേഷൻ റിപ്പോർട്ടും വിലയിരുത്തലിനായി 2023 ഏപ്രിൽ 15 നു മുമ്പായി കേന്ദ്ര ഓഫീസിൽ ഭദ്രാസന ഡയക്ടർ മുഖേന എത്തിക്കണം. ഓറിയന്റേഷൻ റിപ്പോർട്ടിന് പകരം ഓറിയന്റേഷൻ കോഴ്സിൽ പങ്കെടുത്തു എന്ന സർട്ടിഫിക്കറ്റോ കത്തോ സ്വീകരിക്കുന്നതല്ല. സൺഡേസ്കൂളിലെ ഏതെങ്കിലും ക്ലാസ്സ് കുറഞ്ഞത് മൂന്നു മണിക്കൂർ പഠിപ്പിച്ചിട്ടുണ്ടെന്ന് ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തുകയോ പന്ത്രണ്ടാം ക്ലാസ്സിലെ ഉപപാഠപുസ്തകത്തിലെ വി. മാമോദീസായെ സംബന്ധിക്കുന്ന പാഠത്തിന്റെ Lesson Plan സമർപ്പിക്കുകയോ ചെയ്യണം. ഇവ തൃപ്തികരമായി പൂർത്തീകരിച്ചു എന്ന് ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തുന്ന

വർക്ക് മാത്രമാണ് പരീക്ഷ എഴുതുവാൻ അർഹതയുള്ളത്. മുൻവർഷത്തെ ചോദ്യപേപ്പറുകൾ ossaebodhanam.org എന്ന് website-ൽ ലഭ്യമാണ്. കൂടുതൽ പേർ ഈ പരീക്ഷ എഴുതുന്നതിന് സൺഡേസ്കൂൾ പ്രവർത്തകർ ഉത്സാഹിക്കണം.

## OASSIS Examination

യൂറോപ്യൻ രാജ്യങ്ങളിലുള്ള OASSIS കുട്ടികൾക്കുവേണ്ടിയും 2023 മെയ് 21-ാം തീയതി പരീക്ഷ നടത്തുന്നതാണ്. Open book system ആയി നടത്തുന്ന പരീക്ഷയ്ക്ക് 80 മാർക്കിന്റെ MCQ മാതൃകയിലുള്ള ചോദ്യങ്ങൾ 20 മാർക്കിന്റെ ഓറിയന്റേഷൻ റിപ്പോർട്ട് എന്നിവ ഉൾപ്പെടെ 100 മാർക്ക് ആയിരിക്കും. ഭാവിയിൽ OGOSS നടത്തുന്ന പരീക്ഷകൾക്ക് വ്യത്യസ്തമായ മാർക്കിങ് രീതി ആയിരിക്കും.

## കേന്ദ്ര ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2022 ലെ സൺഡേസ്കൂൾ ദിന കാണിക്ക, കവർ കളക്ഷൻ, പരീക്ഷാ ഫീസ്, ജീവകാരുണ്യ കവർ പിരിവ് എന്നിവ നിർബന്ധമായും അടച്ചിരിക്കണം. OSSAE യുടെ മുൻ പതിവനുസരിച്ച് പ്രസ്തുത തുകകൾ അടയ്ക്കാത്തവർക്ക് അർദ്ധവാർഷിക, വാർഷിക ചോദ്യപേപ്പറുകൾ ലഭിക്കുന്നതിന് തടസ്സം ഉണ്ടാകും എന്നത് ശ്രദ്ധിക്കുമല്ലോ.

അക്കൗണ്ട് നമ്പർ: Bank: SBI Branch: Devalokam. കാണിക്ക കവർ പിരിവ്, പരീക്ഷാ ഫീസ്: A/c No. 57017053258. ജീവകാരുണ്യം: A/c No. 57017053485. സൺഡേസ്കൂൾ മാസിക: A/c No. 57017053779, IFSE: SBIN0070820 ബാങ്കിൽ തുക അടച്ചതിനു ശേഷം details കേന്ദ്ര ഓഫീസ് സെക്രട്ടറിയെ (9447094766) നിർബന്ധമായും അറിയിച്ചിരിക്കണം.

സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുന്നതിലൂടെ ഓരോ പ്രവർത്തകനും ദൈവരാജ്യത്തിന്റെ സുവിശേഷപ്രവർത്തനം നിർവ്വഹിക്കുന്നു. നിറപടിയായി ഈ ദൈവിക ശുശ്രൂഷ നിർവ്വഹിക്കുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ.

ദേവലോകം
24-02-2023

**വർഗീസ് വർഗീസച്ചൻ**
ഡയറക്ടർ ജനറൽ